**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 346** — **05-12-2022 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ സപ്ലൈകോ താലൂക്ക് ഡിപ്പോ അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സിവിൽസപ്ലൈസ് കോർപ്പറേഷന്റെ തളിപ്പറമ്പ് താലൂക്ക് ഡിപ്പോ മുഖേനയാണ് നിലവിൽ പയ്യന്നൂർ താലൂക്കിന്റെ പരിധിയിൽ വരുന്ന സിവിൽ സപ്ലൈസ് വില്പനശാലകളിലേക്ക് സാധനങ്ങൾ എത്തിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പയ്യന്നൂർ താലൂക്ക് നിലവിൽ വന്ന സാഹചര്യത്തിൽ പയ്യന്നൂർ ആസ്ഥാനമായി പുതിയ സപ്ലൈകോ താലൂക്ക് ഡിപ്പോ അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നറിയിക്കാമോ? | (എ) | ഉണ്ട്. നിലവിൽ കേരളത്തിൽ ഉടനീളം 56 സപ്ലൈകോ ഡിപ്പോകൾ മുഖേനയാണ് 78 താലൂക്കുകളിലെ സപ്ലൈകോ വിൽപ്പനശാലകളിലേക്ക് സാധനങ്ങൾ എത്തിച്ചു വരുന്നത്. എല്ലാ താലൂക്കുകളിലും സപ്ലൈകോ ഡിപ്പോകൾ പ്രവർത്തിക്കുന്നില്ല. വിൽപ്പനശാലകളുടെ എണ്ണം, ദൂരം, ആവശ്യകത, സാമ്പത്തിക ബാധ്യത, ജീവനക്കാരുടെ ലഭ്യത തുടങ്ങിയ മാനദണ്ഡങ്ങൾ കണക്കിലെടുത്താണ് പുതിയ സപ്ലൈകോ ഡിപ്പോകൾ സ്ഥാപിക്കുന്നത്. നിലവിൽ തളിപ്പറമ്പ്, പയ്യന്നൂർ താലൂക്കുകളിലെ സപ്ലൈകോ വിൽപ്പനശാലകളിലേക്ക് സാധനങ്ങൾ എത്തിക്കുന്നത് തളിപ്പറമ്പ് ഡിപ്പോയിൽ നിന്നുമാണ്. പയ്യന്നൂർ ആസ്ഥാനമാക്കി പുതിയ സപ്ലൈകോ ഡിപ്പോ സ്ഥാപിക്കുന്ന കാര്യം നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ